# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1846 18.06.2012 -ൽ മറുപടിയ്ക്ക്**

**<u>ഇടതുപക്ഷ പ്രവർത്തകരുടെ കൊലപാതകം</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ എ. കെ. ബാലൻ : | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര രാഷ്ട്രീയ കൊലപാതകങ്ങളുമായി ബന്ധപ്പെട്ട് എത്ര പേരെ പോലീസ് അറസ്റ്റു ചെയ്തു ; | എ) ഈ സർക്കാർ അധികാരമേറ്റശേഷം 8 രാഷ്ട്രീയ കൊലപാതകങ്ങളുമായി ബന്ധപ്പെട്ട് 107 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| ബി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര സി. പി. ഐ. (എം), ഡി.വൈ.എഫ്.ഐ., എസ്. എഫ്. ഐ. പ്രവർത്തകർ കൊലചെയ്യപ്പെട്ടിട്ടുണ്ട് ; ഈ കേസുകളിലെ പ്രതികൾ ആരെല്ലാമായിരുന്നു. എത്രപേരെ ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ട് ; എത്ര കുറ്റപത്രങ്ങൾ കോടതിയിൽ നൽകി ; എത്ര കേസുകളുടെ അന്വേഷണം പൂർത്തിയായിട്ടുണ്ട് ; എത്ര പ്രതികളെ ഇനി പിടികൂടാനുണ്ടെന്ന് വ്യക്തമാക്കുമോ ? | ബി) ഈ സർക്കാർ അധികാരമേറ്റശേഷം സി. പി. ഐ. (എം), ഡി.വൈ.എഫ്.ഐ., എസ്. എഫ്. ഐ. എന്നീ പാർട്ടികളിലെ / സംഘടനകളിലെ ഓരോ പ്രവർത്തകർ വീതം കൊല്ലപ്പെട്ടിട്ടുണ്ട്. പ്രസ്തുത കേസുകളിൽ രണ്ട് എണ്ണത്തിൽ ബി.ജെ.പി/ആർ.എസ്.എസ്. പ്രവർത്തകരും ഒരു കേസിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് പ്രവർത്തകരും പ്രതികളാണ്. ഈ കേസുകളിൽ 22 പേരെ ഇതിനോടകം അറസ്റ്റ് ചെയ്തിട്ടുണ്ട്. ഒരു കേസിൽ (കതിരൂർ പി. എസ്. ക്രൈം നം. 250/11) കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. മറ്റ് 2 കേസുകൾ (നെടുങ്കണ്ടം പി. എസ് ക്രൈം നം .253/12, ചെർപ്പുളശ്ശേരി പി. എസ്. ക്രൈം നം. 307/12) അന്വേഷണാവസ്ഥയിലാണ്. മേൽ പറഞ്ഞ കേസുകളുമായി ബന്ധപ്പെട്ട് 8 പേരെ ഇനിയും അറസ്റ്റു ചെയ്യുവാനുണ്ട്. |

സെക്ഷൻ ഓഫീസർ